Drainage system in the Trichur Municipality.

280. [51] SHRY. T. C. LEELA DEVI AMMA: Will the Chief Minister be pleased to state:

Has any scheme been included in the Second Five Year Plan for Drainage system in the Trichur Municipality?

Answer.

No.

അട്ടർ പോലീസിനെപ്പറ്റിയുള്ള പരാതി

281. [53] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

അഴിമതി വിരുദ്ധവകുപ്പിനും, ഐ. ജി. സ്ക്വാ., പോലീസുമന്ത്രിക്കും അട്ടരെ പോലീസ് ഇൻസ്പെക്ടരെപ്പറ്റി കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര പരാതികളാണ് കിട്ടിയിട്ടുണ്ട്; എന്തൊക്കെയെന്നു പറയുമോ; പരാതികളുടെ ഉള്ളടക്കമെന്താണ്; അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു?

ഉത്തരം

നാല് പരാതികൾ ഗവണ്മെൻറിനും ഒരു പരാതി പോലീസ് ഇൻസ്പെക്ടർ ജനറലിനും കിട്ടിയിട്ടുണ്ട്. അവയിലെ ഉള്ളടക്കങ്ങളും അതിട്ടുള്ള നടപടിക്രമങ്ങളും ഇപ്രകാരമാണ്.

(1) 27-7-55-ൽ മാവേലിക്കര സ്റ്റേഷൻ ചാർജ്ജ് വഹിച്ചിരുന്ന കാലത്ത് സബ്ബ് ഇൻസ്പെക്ടർ ശ്രീ. ചെല്ലപ്പൻ പിള്ള പല ആളുകളിൽ നിന്നും കൈക്കൂലി വാങ്ങിയെന്നും മറ്റും പേരുവയ്ക്കാത്ത ഒരു പരാതികിട്ടി. ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തി. അന്വേഷണ റിപ്പോർട്ട് ഗവണ്മെൻറിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധനയിൽ ഇരിക്കുന്നു.

(2) 3-10-55-ൽ ഒരു കൊലപാതകക്കേസു സംബന്ധിച്ച് അട്ടർ പോലീസിനെപ്പറ്റിയുള്ള ശ്രീ. പി. ആർ. മാധവൻ പിള്ളയുടെ പരാതി അന്വേഷണം നടത്തിവരുന്നു.

(3) 5-10-55-ൽ തോമാലൻ എന്ന ഒരാളിന്റെ സംശയാസ്പദമായ മരണം സംബന്ധിച്ച് അട്ടർപോലീസിനെപ്പറ്റി ഏനാദിമംഗലം, എളമണ്ണൂർ എന്നീ മിശ്രാസികൾ സമർപ്പിച്ച ഭീമഹർജി. അന്വേഷണം നടത്തിവരുന്നു.

(4) 8-8-55-ൽ തന്റെ പേരിൽ വ്യാജമായി കേസുകൾ നിർമ്മിക്കുന്നു എന്നും മറ്റും അട്ടർ സബ്ബ് ഇൻസ്പെക്ടരെപ്പറ്റി നീലകണ്ഠൻ എന്നൊരാൾ സമർപ്പിച്ച പരാതി. അന്വേഷണം നടത്തിവരുന്നു.

(5) 26-7-55-ൽ അട്ടർ സബ്ബ് ഇൻസ്പെക്ടർ, നീലകണ്ഠൻ എന്ന ഒരു കർഷകനെ അറസ്റ്റ് ചെയ്ത ദേഹോപദ്രവം ഏൽപ്പിച്ചുവെന്നു ശ്രീ. പി. ആർ. മാധവൻ പിള്ള സമർപ്പിച്ച പരാതി. അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു കാണപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly